# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം.2361** **12.03.2020-ൽ മറുപടിയ്ക്ക്**

**ഭരത് മുരളി സ്മാരക നാടകപരിശീലന കളരി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) അനശ്വര നടൻ ഭരത് മുരളിയുടെ സ്മരണാർത്ഥം കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ അനുവദിച്ച ഭരത് മുരളി സ്മാരക നാടക പരിശീലന കളരി സ്ഥാപിക്കുന്നതിനായി എത്ര തുക അനുവദിച്ചിരുന്നു എന്നറിയിക്കാമോ; | (എ) 23/03/2018 ലെ സ.ഉ(സാധാ) നം. 212/2018/സാം.കാ.വ പ്രകാരം ഭരത് മുരളി സ്മാരക നാടക പരിശീലന കളരി സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) നാടകകളരി നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും, നിർമ്മാണ ചുമതല ആർക്കാണെന്നും വെളിപ്പെടുത്തുമോ; | (ബി) നാടകക്കളരിയുടെ നിർമ്മാണ ചുമതല വെളിയം ഗ്രാമപഞ്ചായത്തിനാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി 2019-20 ൽ ഉൾപ്പെടുത്തി, എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നിർമ്മാണം നടന്നു വരുന്നു. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) നാടക കളരിയിൽ സജ്ജമാക്കുന്ന സൗകര്യങ്ങളും, കളരി വഴി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളും വിശദമാക്കാമോ? | സി) കളരിയിൽ സജ്ജമാക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് വെളിയം ഗ്രാമപഞ്ചായത്ത് കമ്മിറ്റി, പഞ്ചായത്ത് പ്രദേശത്തെ സാംസ്കാരിക പ്രവർത്തകർ, നാടക പരിശീലന സംഘങ്ങൾ എന്നിവരുമായി ചേർന്ന് പദ്ധതി തയ്യാറാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**